കണക്കിലെടുത്തു നിലവിലുള്ള കാസർകോട് വിദ്യാഭ്യാസജില്ലാ വിഭജിച്ച് കാഞ്ഞങ്ങാട് ആസ്ഥാനമാക്കി പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, വളരെക്കാലമായി നിലനിൽക്കുന്ന ഒരു പ്രശ്നമാണിത്. ഇത് സംബന്ധിച്ച് മൂന്ന് വിദ്യാഭ്യാസ ജില്ലകൾ ഭാഗിക്കുമെന്നും മൂന്ന് വിദ്യാഭ്യാസ ഉപ ജില്ലകൾ ഭാഗിക്കുമെന്നും, അതിനുവേണ്ടി ഗവൺമെൻറ് നടപടി സ്വീകരിക്കുമെന്നും ഒരു ഘട്ടത്തിൽ പറഞ്ഞിരുന്നു. ഇതു സംബന്ധമായി അവസാനം ഗവൺമെൻറ് ചില തീരുമാനങ്ങൾ എടുത്ത വിവരം ശ്രീ. നാരായണൻറ സബ്മിഷനു മറുപടിയായി സഭയിൽ അറിയിക്കുന്നതിന് എനിക്ക് സന്തോഷമുണ്ട്. നമുക്ക് ഇപ്പോൾ ഉള്ളത് 157 എ. ഇ. ഒ. ഓഫീസുകളും 31 ഡി. ഇ. ഒ. ആഫീസുകളുമാണ്. 31 വിദ്യാഭ്യാസജില്ലകളും 157 ഉപജില്ലകളും ഉണ്ട്. ഈ ജില്ലകൾ ഭാഗിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ കിട്ടുകയുണ്ടായി. ഗവൺമെൻറ് ഇതു പരിശോധിച്ചിട്ട് ഏറ്റവുംമധികം സ്കൂളുകളുള്ള ജില്ലകൾ നോക്കി മൂന്ന് വിദ്യാഭ്യാസ ജില്ലകളും മൂന്ന് വിദ്യാഭ്യാസ ഉപ ജില്ലകളും വിഭജിക്കാൻ നയപരമായിതീരുമാനം എടുത്ത വിവരം ഞാൻ സഭയെ സന്തോഷപൂർവ്വം അറിയിക്കുന്നു. അതിൻറെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെടുന്ന ജില്ലകൾ, കാസർകോടും, ആലപ്പുഴയും, കൊട്ടാരക്കരയുമാണ്. കാസർകോട് വിദ്യാഭ്യാസ ജില്ല ഭാഗിച്ച് കാഞ്ഞങ്ങാട് ആസ്ഥാനമായി ഒരു ജില്ലയും ആലപ്പുഴ വിദ്യാഭ്യാസജില്ല ഭാഗിച്ച് ചേർത്തല ആസ്ഥാനമായി മറെറാരു വിദ്യാഭ്യാസജില്ലയും കൊട്ടാരക്കര വിദ്യാഭ്യാസജില്ല ഭാഗിച്ച് പുനലൂരിൽ മറെറാരു വിദ്യാഭ്യാസജില്ലയും ആരംഭിക്കുന്നതാണ്. ഇതിനു പുറമെ ഏറ്റവുമധികം സ്കൂളുകളുള്ള ഉപജില്ലകൾ അരീക്കോട്, പെരിന്തൽമണ്ണ, കോഴിക്കോട് റൂറൽ ഈ മൂന്ന് സബ്ഡിസ്ട്രിക്ടുകളും ഭാഗിക്കുകയാണ്. അതിൽ അരീക്കോട് ഭാഗിച്ച് കീഴ്ശ്ശേരിയിൽ ഒരു ഉപജില്ലയും പെരിന്തൽമണ്ണ ഭാഗിച്ച് മേലാറ്റൂരിൽ ഒരു ഉപജില്ലയും കോഴിക്കോട് റൂറൽ ഭാഗിച്ച് ഫറോക്കിൽ ഒരു ഉപജില്ലയും, ആരംഭിക്കുന്നതാണ്. അങ്ങനെ മൂന്ന് വിദ്യാഭാസ ജില്ലകളും മൂന്ന് വിദ്യാഭ്യാസ ഉപജില്ലകളും ആരംഭിക്കാൻ ഗവൺമെൻറ് തീരുമാനം എടുത്തതായി ഞാൻ സഭയെ അറിയിക്കുകയാണ്. ഇതിനുള്ള എല്ലാ നടപടികളും പൂർത്തിയാക്കി. ഈ മാസം അവസാനത്തോടുകൂടി ഓഫീസുകൾ ഫംഗ്ഷൻ ചെയ്യുവാൻ പറ്റുമോ എന്നാണ് നോക്കുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ യോഗം നാളെയോ അല്ലെങ്കിൽ മറെറന്നാളോ വിളിച്ച് കൂട്ടുന്നുണ്ട്. ഈ കാര്യം വളരെക്കാലത്തെ ഒരു കാത്തിരിപ്പിന്ശേഷം വിദ്യാഭ്യാസ വകുപ്പ് എടുത്ത തീരുമാനമാണ്. ഇവിടെ പലർക്കും ഇനിയും ജില്ലകൾ ഭാഗിക്കണമെന്ന ആഗ്രഹമുണ്ട്. ധാരാളം നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. എങ്കിൽപ്പോലും അതു സംബന്ധിച്ച് ഇന്നത്തെ നമ്മുടെ സാഹചര്യത്തിൽ ചെയ്യാൻ കഴിയുന്ന പരമാവധി കാര്യമാണിത്. ഇതിനുതന്നെ വലിയ സാമ്പത്തിക ബാദ്ധ്യതവരും അതൊന്നും ഞാൻ ഈ സഭയിൽ ഇപ്പോൾ വ്യക്തമാക്കുന്നില്ല. ഇതെല്ലാം കണക്കിലെടുകൊണ്ടാണ് ഈ തീരുമാനം എടുത്തിട്ടുള്ളത്. ഈ തീരുമാനത്തിൻറെ ഭാഗമായി ബഹുമാനപ്പെട്ട മെമ്പറുടെ ജില്ലയും ഭാഗിച്ച് കാഞ്ഞങ്ങാട്മറെറാരു ജില്ല സ്ഥാപിക്കുന്നതാണ്.

(4) പള്ളുരുത്തിയിലെ സർക്കാർ ആശുപത്രിക്ക് താലൂക്ക് ആശുപത്രിയുടെ സ്റ്റാറ്റസ് കൊടുക്കണമെന്ന ആവശ്യം

ശ്രീ. ഡൊമിനിക് പ്രസൻേറഷൻ : സർ, പള്ളുരുത്തിയിൽ പുതുതായി പണി പൂർത്തിയാക്കിയിട്ടുള്ള 50 കിടക്കകളുള്ള സർക്കാർ ആശുപത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ഘാടനം ഈ മാസം 24-ാം തീയതി നടക്കുകയാണ്. ഏകദേശം ഒന്നര ലക്ഷത്തോളം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കൊച്ചി നഗരത്തിന്റെ പടിഞ്ഞാറൻ മേഖലയ്ക്ക് ഇപ്പോൾ സ്വകാര്യമേഖലയിലോ സർക്കാർ മേഖലയിലോ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യമില്ല. അതിനൊരു പരിഹാരമായിട്ടാണ് ഇപ്പോൾ ഈ പുതിയ ആശുപത്രി വന്നിട്ടുള്ളത്. എനിക്ക് അപേക്ഷിക്കാനുള്ളത് ഈ ആശുപത്രിക്ക് ഒരു താലൂക്ക് ആശുപത്രിയുടെ സ്റ്റാറ്റസ് കൊടുക്കണമെന്നാണ്. ഇപ്പോൾ ജനങ്ങൾ മട്ടാഞ്ചേരിയിലുള്ള ആശുപത്രിയിൽ പോകേണ്ട സ്ഥിതിവിശേഷമാണുള്ളത്. വളരെ തിരക്കേറിയ ആശുപത്രിയാണ് മട്ടാഞ്ചേരി ആശുപത്രി. അവിടത്തെ തിരക്ക് കുറയ്ക്കാനും കൂടുതൽ പേർക്ക് ചികിൽസാസഹായം കിട്ടുവാനും ഈ പുതിയ ആശുപത്രികൊണ്ട് ഉപകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അവിടെ ആവശ്യത്തിന് സ്ഥലമുണ്ട്. കൊച്ചി നഗരസഭ കൊടുത്ത രണ്ടര ഏക്കർ സ്ഥലത്താണ് ഈ 50 ബഡ്ഡുള്ള ആശുപത്രി പണിതിരിക്കുന്നത്. ഇനിയും നമുക്കവിടെ ബഡ്ഡുകളുടെ എണ്ണം കൂട്ടാൻ കഴിയും, മറ്റു സൗകര്യങ്ങളും വർദ്ധിപ്പിക്കാൻ കഴിയും. അങ്ങനെ ഭാവി വികസനംകൂടി സാധിക്കാവുന്ന ഈ ആശുപത്രിക്ക് ഒരു താലൂക്ക് ആശുപത്രിയുടെ സ്റ്റാറ്റസ് കൊടുക്കണമെന്ന് ഞാൻ ഗവൺമെന്റിനോടും ഈ സഭയോടും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പള്ളുരുത്തി ആശുപത്രിക്ക് കൊച്ചിൻ കോർപ്പറേഷൻ നൽകിയ സ്ഥലത്ത് 50 ബഡ്ഡുകളുള്ള ഒരു ആശുപത്രി സ്ഥാപിക്കുന്നതിനാണ് 1988-ൽ അനുവാദം കൊടുത്തത്. ഇപ്പോൾ അതിന്റെ കെട്ടിടസംബന്ധമായ പണി പൂർത്തിയായി. ഈ വരുന്ന 24-ാം തീയതി അതിന്റെ ഔപചാരികമായ ഉദ്ഘാടനം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. അതിനു മുൻപായി അവിടെ ആവശ്യമുള്ള സ്റ്റാഫിനെ നിയമിക്കാനുള്ള ശ്രമത്തിലാണ്. 50 ബഡ്ഡുള്ള ആശുപത്രി ഫംഗ്ഷൻ ചെയ്യണമെങ്കിൽ ചുരുങ്ങിയത് നോംസ് പ്രകാരം, മെഡിക്കൽ ആഫീസർ-2, സ്റ്റാഫ് നേഴ്സ്-8, ഫാർമസിസ്റ്റ്-1, എൽ. ഡി. ക്ലാർക്ക്-1, പ്യൂൺ-1, നേഴ്സിംഗ് അസിസ്റ്റന്റ്-5, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-I-1, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II-4, പാർട്ട് ടൈം സ്വീപ്പർ-1 എന്നീ തസ്തികകളെങ്കിലും സൃഷ്ടിക്കേണ്ടതുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. അതു വന്നുകഴിഞ്ഞാൽ ആളുകൾക്ക് ഇതിന്റെ പ്രയോജനം കിട്ടും. താലൂക്കാശുപത്രിയായി മാറ്റുക എന്നു പറഞ്ഞാൽ അത്ര എളുപ്പമല്ല. എറണാകുളത്ത് ജനറൽ ഹോസ്പിറ്റലുണ്ട്. മട്ടാഞ്ചേരിയിലും ഹോസ്പിറ്റൽ സൗകര്യങ്ങളുണ്ട്. അതുകൊണ്ട് ഏതായാലും ശ്രീ. ഡൊമിനിക് പറയുന്നതുപോലെ ഭാവിയിൽ വികസനത്തിന് സാദ്ധ്യതയുണ്ട് ആ ഘട്ടത്തിൽ ഇതിനെക്കുറിച്ച് പരിശോധിക്കാവുന്നതാണ്. ഇതോടൊപ്പം തന്നെ ഒരു കാര്യം കൂടി പറയുകയാണ്. നമ്മൾ ഇപ്പോൾ പ്രധാനമായും എടുത്തിട്ടുള്ളത് താലൂക്ക് ആസ്ഥാനങ്ങളിൽ താലൂക്ക് ആശുപത്രികൾ നിർമ്മിക്കുക എന്നുള്ളതാണ്. ആ ഒരു പാറേറണിലാണ് പ്രധാനമായും മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഈയിടെ പുതിയ താലൂക്കുകൾ വന്നു. തിരൂരങ്ങാടിയിലും നിലമ്പൂരിലും ഉള്ള ആശുപത്രികൾ-അതായത് നിലമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതുപോലെ തിരൂരങ്ങാടി ഗവൺമെന്റ് ആശുപത്രി താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ കാസർകോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കാസർകോട് താലൂക്ക് ആശുപത്രിയായി ഉയർത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly